# ഗ്രാമോത്സവമായി മാറിയ സമൂഹ വിവാഹം

പ്രഫ. കെ.എ സിദ്ദീഖ് ഹസൻ

**എല്ലാം** കൊണ്ടും ഗ്രാമത്തിന്റെ ഉത്സവമായിരുന്നു അത്. സ്ത്രീകളും കുട്ടികളും വൃദ്ധജനങ്ങളും ആഹ്ലാദപൂർവം ഒത്തുകൂടി. ലളിതമെങ്കിലും വർണാഭമായ പന്തൽ, എല്ലാവരുടെ കണ്ണുകളിലും ആഹ്ലാദത്തിന്റെ പ്രസാദം. എല്ലാമുഖങ്ങളിലും വിടർന്ന പുഞ്ചിരി. നഷ്ടപ്പെട്ട എന്തോ ഒന്ന് വീണ്ടുകിട്ടിയപോലെ. നിഷ്കളങ്കരായ ആ ജനത ഒന്നടങ്കം ഉത്സവഛായയിലായിരുന്നു.

2008 ഓഗസ്റ്റിലെ ഒരു ദുരന്തനാളിൽ നേപ്പാളിലെ കോസി അണക്കെട്ട് പൊട്ടിയുണ്ടായ മഹാപ്രളയം എല്ലാം നക്കിത്തുടച്ച ബീഹാറിലെ സുപോൾ, അരേറിയ ജില്ലകളിൽ അടുത്തടുത്തായി സ്ഥിതിചെയ്യുന്ന ബാബുവാൻ, പട്ടേരുവ ഗ്രാമങ്ങളിൽ കഴിഞ്ഞ ആഴ്ച നടന്ന രണ്ടു സമൂഹ വിവാഹങ്ങളുടെ കഥയാണ് മുകളിൽ സൂചിപ്പിച്ചത്.

നിനച്ചിരിക്കാതെ ഒരു രാത്രി പ്രളയം കശക്കിയെറിഞ്ഞ ജീവിതം വീണ്ടും തുന്നിചേർക്കാൻ അവർ പാടുപെടുകയായിരുന്നു. അനേകം പേർ മരിച്ചു. വീടുകൾ തകർന്നടിഞ്ഞു. കാലികളും കൃഷിയിടങ്ങളും പൂർണമായി നശിച്ചു. കുടുംബങ്ങൾ ഒന്നടങ്കം അഭയാർഥി ക്യാമ്പുകളിൽ.... നീണ്ട എട്ടുമാസങ്ങൾക്കു ശേഷം ഗ്രാമങ്ങളിലെത്തിയ അവർ വരണ്ടുണങ്ങിയ ജീവിതത്തിന്റെ പുതുനാമ്പുകൾ കിളിർപ്പിക്കുകയായിരുന്നു. പുഴയായി മാറിയ കൃഷിയിടങ്ങൾ, കിടങ്ങായി മാറിയ പുരയിടം, മരണമടഞ്ഞ ബന്ധുക്കളുടെയും നശിച്ച കൃഷിയിടങ്ങളുടെയും കാലികളുടെയും ഓർമകൾ തങ്ങിനിൽക്കുന്ന അന്തരീക്ഷം. എല്ലാം മറക്കാൻ വീണുകിട്ടിയ ഒരവസരമായി ആ സമൂഹ വിവാഹം.

ബീഹാറിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്ന നയ്യിറുസ്സമാൻ സാഹിബിന്റെ കണ്ണുകളിൽ അഭിമാനത്തിന്റെ തിളക്കം. അടിയന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ശേഷം ഗ്രാമത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടി ആവുന്നതൊക്കെ ചെയ്ത സംതൃപ്തി അദ്ദേഹത്തിന്റെ മുഖത്തു നിഴലിച്ചുനിന്നു.



*നേപ്പാളിലെ മുഫ്തി ഹസ്രത്ത് ഇമാം സലഫി സമൂഹ വിവാഹത്തിൽ ഖുത്ബ നിർവഹിക്കുന്നു*

500ഓളം വീടുകളുടെ അറ്റകുറ്റപ്പണികൾക്കും 300ഓളം ട്യൂബ്‌വെൽ കുഴിപ്പിക്കുന്നതിനും 300 പേർക്ക് തൊഴിൽ സഹായം ചെയ്യുന്നതിനും അനേകം സ്കൂളുകളുടെയും പള്ളികളുടെയും പുനരുദ്ധാരണത്തിനും അദ്ദേഹം നേതൃത്വം നൽകി. നോമ്പിന്റെയും പെരുന്നാളിന്റെയും ദസറയുടെയും സന്ദർഭത്തിൽ വസ്ത്രങ്ങൾ സമ്മാനമായി നൽകിയ കഥയും അദ്ദേഹം പറഞ്ഞു. തണുപ്പുകാലത്ത് അയ്യായിരം പേർക്ക് ബ്ലാങ്കറ്റുകൾ നൽകി. അനേകം പേർക്ക് വിവാഹത്തിനും ചികിത്സക്കും സഹായം നൽകിക്കൊണ്ടിരിക്കുന്നു. ആയിരം വീടുകളുടെ നിർമാണ ജോലികൾ ഉടനെ ആരംഭിക്കുകയാണ്.

യാദൃഛികമായിരുന്നു ആ സംഭവം. എറണാകുളത്തെ എ.ആർ.എച്ച് ഉടമ അഷ്റഫ് സാഹിബ് പറഞ്ഞു: "മകളുടെ വിവാഹം നിശ്ചയിച്ചിട്ടുണ്ട്. അതോടനുബന്ധിച്ച് ഒന്നോ രണ്ടോ പാവപ്പെട്ട കുട്ടികളെ വിവാഹം ചെയ്തു കൊടുക്കണമെന്നുണ്ട്." ഞാൻ പറഞ്ഞു: "കേരളത്തിൽ പാവപ്പെട്ട കുട്ടികളുടെ വിവാഹത്തിനുവേണ്ടി ധാരാളം പേർ പണിയെടുക്കുന്നുണ്ട്. വല്ലതും ചെയ്യുകയാണെങ്കിൽ വെള്ളപ്പൊക്കം ബാധിച്ചു ദുരിതത്തിൽ കഴിയുന്ന ബീഹാറിലാണ് വേണ്ടത്." അദ്ദേഹം നിർദേശം സന്തോഷപൂർവം സ്വീകരിച്ചു. ബീഹാറിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന നയ്യിറുസ്സമാൻ സാഹിബുമായി ബന്ധപ്പെട്ടപ്പോൾ കിട്ടിയ മറുപടി അത്ഭുതകരമായിരുന്നു. അദ്ദേഹം പറഞ്ഞു: "ദുരന്തത്തിനുശേഷം ഇവിടെ നൂറുകണക്കിനു വിവാഹങ്ങളാണ് മുടങ്ങിയിരിക്കുന്നത്. നിശ്ചയിച്ചവ തന്നെ നടത്താൻ കഴിയാത്ത അവസ്ഥ." പിന്നെ ഞൊടിയിടക്കുള്ളിൽ എല്ലാം സംഭവിച്ചു. അരേറിയയിലെയും സുപോളിലെയും 65 ജോഡികളെ തെരഞ്ഞെടുത്ത് രണ്ടു കേന്ദ്രങ്ങളിലായി വിവാഹത്തിന് ഒരുക്കങ്ങൾ ചെയ്തു.

ഫെബ്രുവരി പന്ത്രണ്ടിന് ഈ ഗ്രാമങ്ങളിലെത്തുമ്പോൾ കണ്ട കാഴ്ച അത്ഭുതകരമായിരുന്നു. പ്രളയജലം പുഴയാക്കി മാറ്റിയ മണ്ണിൽ ആഹ്ലാദാതിശയങ്ങളോടെ ⇨

ഒരു പുരുഷാരം. രണ്ടു കേന്ദ്രങ്ങളിലും ഓരോ പന്തൽ; ഒരു വിവാഹ ഖുത്ബ; ഓരോ ഗ്രാമത്തിൽനിന്നും ഒരു വിവാഹം; എല്ലാ ഗ്രാമത്തിലെയും ഇമാമുമാർ വിവാഹത്തിനു നേതൃത്വം നൽകുന്നു. വധുവിന്റെയും വരന്റെയും പാർട്ടികൾക്ക് സമൃദ്ധമായ സമൂഹ സദ്യ. ഗ്രാമമുഖ്യരും ബി.ഡി.ഒയും പോലീസ് ഇൻസ്പെക്ടറും മുഖ്യാതിഥികൾ. അശ്റഫ് സാഹിബും ഭാര്യയും, ഭാര്യാസഹോദരൻ മുസ്ത്വഫയും ഭാര്യയും, ഞാനും ഭാര്യയും പുറത്തുനിന്നുള്ള വിരുന്നുകാർ. വധൂവരന്മാരുടെ വസ്ത്രച്ചെലവിനും മഹ്റിനുമായി അയ്യായിരം രൂപവീതം വിവാഹ സമ്മാനമായി സംഘാടകർ കൊടുത്തു. നയ്യിറുസ്സമാൻ സാഹിബ് സ്വകാര്യമായി പറഞ്ഞ വിവരം, ആ അയ്യായിരത്തിൽനിന്ന് 2500ഉം 3000വും ചെലവഴിച്ചു മിക്ക ആളുകളും കാലികളെ വാങ്ങുകയായിരുന്നു. വരന്മാരിൽ ചിലരെങ്കിലും ഉടുത്തു പഴകിയ വസ്ത്രമാണ് അണിഞ്ഞിരുന്നത്. വിവാഹാലങ്കാരമായി ഒരു തൊപ്പിയും ഷാളും മാത്രമാണുണ്ടായിരുന്നത്. വിവാഹത്തിൽ പങ്കെടുക്കാൻ ഓരോരുത്തരുടെയും ഭാഗത്തുനിന്ന് പത്തുപേർ വീതം. ലാളിത്യത്തിന്റെയും ഗ്രാമ്യ വിശുദ്ധിയുടെയും അതിലുപരി ആർഭാട രാഹിത്യത്തിന്റെയും അപൂർവരീതി നമുക്ക് സങ്കൽപിക്കാൻപോലും കഴിയാത്തതാണ്. രണ്ടു വിവാഹങ്ങൾ നടത്തിക്കൊടുക്കാൻ ആഗ്രഹിച്ച സുഹൃത്ത് അശ്റഫ് സാഹിബ് അറുപത്തിയഞ്ചു വിവാഹങ്ങൾ നടത്താൻ കഴിഞ്ഞ നിർവൃതിയിൽ അശ്രുക്കൾ പൊഴിച്ചു.

നേപ്പാളിലെ മുഫ്തി ഹസ്രത്ത് ഇമാം സലഫി സദസ്സിനെ സംബോധന ചെയ്ത് സാര ഗർഭമായ ഒരു ഖുത്ബ നിർവഹിച്ചു. കുടുംബ ബന്ധത്തിന്റെ മഹത്വവും വധൂവരന്മാരുടെ ബാധ്യതകളും അദ്ദേഹം ഓർമിപ്പിച്ചു. അരേറിയയിലെ ബാബുവാനിൽ നടന്ന വിവാഹങ്ങൾക്ക് ശേഷം പലരും വന്ന് നയ്യിറുസ്സമാൻ സാഹിബിനോടു അന്വേഷിക്കുന്നുണ്ടായിരുന്നു, അടുത്ത സമൂഹ വിവാഹം എന്നായിരിക്കും. സദസ്സിനെ നോക്കി അദ്ദേഹം പറഞ്ഞു: "അടുത്തുതന്നെ നൂറു ജോഡികളുടെ സമൂഹ വിവാഹം ഏർപ്പാടു ചെയ്യുന്നുണ്ട്." ഒട്ടേറെ പേർ അതിൽ പങ്കുചേരാൻ തൽപരരായി തന്നെ സമീപിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. "പതിനായിരം രൂപകൊണ്ട് രണ്ടു ജോഡികളുടെ വിവാഹം നടത്തുമ്പോൾ ഉപജീവനത്തിനായി ഒരു ആടോ പശുവോ കൂടി ആ കുടുംബത്തിലെത്തുന്നു." അതിശയത്തോടെ മുസ്ത്വഫ പറഞ്ഞു.

ലക്ഷങ്ങളും കോടികളും ചെലവഴിച്ച് വിവാഹ മാമാങ്കങ്ങൾ നടത്തുന്ന മുസ്‌ലിം സഹോദരന്മാരുടെ കണ്ണുതുറപ്പിക്കാൻ പോന്ന അനുഭവമായിരുന്നു കോസിയിലേത്. ■

**റിപ്പോർട്ട്**

# രിയാദിലെ അന്താരാഷ്ട്ര പുസ്തകമേള

**അബ്ദുല്ല അബൂതൗഫീഖ്**

**എല്ലാ** വർഷവും മാർച്ച് മാസത്തിലെ ആദ്യത്തെ ചൊവ്വാഴ്ചയാണ് സുഊദി തലസ്ഥാനമായ രിയാദിൽ പുസ്തകമേള ആരംഭിക്കുക. ഇത്തവണ ദശദിന മേളക്ക് തിരശ്ശീല ഉയർന്നത് മാർച്ച് മൂന്നിന്. ഇന്ത്യയടക്കം 27 രാജ്യങ്ങളുടെ പങ്കാളിത്തം. അറുനൂറ്റിയമ്പതോളം പ്രസാധകർ, രണ്ടര ലക്ഷത്തിലധികം ശീർഷകങ്ങൾ. സുഊദി ഭരണാധികാരി അബ്ദുല്ല രാജാവിന് വേണ്ടി സാംസ്കാരിക വാർത്താവിനിമയ മന്ത്രി അബ്ദുൽ അസീസ് ഖോജയാണ് ഉദ്ഘാടനം ചെയ്തത്. രാജ്യത്തെ പതിനാല് പ്രമുഖ പണ്ഡിതന്മാരെയും ഗ്രന്ഥകാരന്മാരെയും ചടങ്ങിൽ ആദരിച്ചു.

രാവിലെ പത്തു മുതൽ രാത്രി പത്തു വരെയുള്ള മേളയിൽ സന്ദർശകരുടെ അസാധാരണമായ തിരക്കനുഭവപ്പെട്ടു. സന്ദർശകരുടെ പിന്നാലെ കടലാസു പെട്ടികളിൽ പുസ്തകക്കെട്ടുകൾ തോളിലേറ്റി നടക്കുന്ന പോർട്ടർമാർ, കനത്ത വാല്യങ്ങൾ വാങ്ങാനായി മുൻകൂട്ടി ട്രോളി ബേഗുകളുമായി വന്നവർ, സന്ദർശകരെയും പ്രസാധകരെയും സാംസ്കാരിക നായകന്മാരെയും അഭിമുഖം നടത്തുന്ന മാധ്യമ പ്രതിനിധികൾ- ഇതൊക്കെ പ്രദർശന നഗരിയിലെ സ്ഥിരം കാഴ്ചകൾ. ഇന്ത്യയിൽനിന്നുള്ള ഏക പ്രസാധനാലയമായ ഐ.പി.എച്ച് പവിലിയന് മലയാള മാധ്യമങ്ങൾ ആവേശകരമായ കവറേജാണ് നൽകിയത്. ചാനലുകളും ദിനപത്രങ്ങളും പ്രാധാന്യത്തോടെ വാർത്തകൾ നൽകി. ഐ.പി.എച്ച് പ്രതിനിധികളായി കേരളത്തിൽനിന്നെത്തിയ ഡോ. അബ്ദുസ്സലാം വാണിയമ്പലം, അബ്ദുല്ല മൻഹാം എന്നിവരുമായി അഭിമുഖങ്ങളും നടത്തി. *അറബ് ന്യൂസ്*, *സുഊദി ഗസറ്റ്* എന്നീ ഇംഗ്ലീഷ് പത്രങ്ങളും *അൽഹയാത്ത്*, *അശ്ശർഖുൽ ഔസത്ത്*, *ശംസ്* എന്നീ അറബി പത്രങ്ങളും തരക്കേടില്ലാത്ത കവറേജ് നൽകി.

സുഊദി അറേബ്യയിലെ ജനകീയമായ 'ഇദാ അത്തുൽ ഖുർആൻ' എന്ന റേഡിയോ നിലയത്തിന്റെ റിപ്പോർട്ടർ ഐ.പി.എച്ച് പ്രതിനിധിയുമായി അഭിമുഖം നടത്തിയിരുന്നു. അറബ്-മുസ്‌ലിം ലോകത്തെ പ്രമുഖ ചാനലുകളായ അൽമജ്ദ്, ദാനാ അൽഇഖ്ബാരിയ്യ, അൽ ഔത്വാൻ എന്നിവയും സുഊദിയിലെ 'ചാനൽ വൺ' ടി.വിയും അഭിമുഖങ്ങളും വാർത്തകളും സംപ്രേഷണം ചെയ്തിരുന്നു. ഓസ്ട്രിയൻ എഴുത്തുകാരൻ മുഹമ്മദ് അസദിന്റെ *മക്കയിലേക്കുള്ള പാത* കാൽനൂറ്റാണ്ടിന് മുമ്പുതന്നെ മലയാളത്തിൽ ഭാഷാന്തരം ചെയ്ത് പ്രസിദ്ധീകരിച്ചിരുന്നു എന്ന വിവരം അറബികളിൽ വലിയ മതിപ്പുളവാക്കി.

ഒരു ദിവസം പവിലിയൻ തുറന്നപ്പോൾ ആദ്യമായി കടന്നുവന്നത് ഒരു സുഊദി പൗരൻ. ഒപ്പം സുഹൃത്തും. തലേന്ന് രാത്രി ടി.വി അഭിമുഖം കണ്ടതാണ് താൻ ഇവിടേക്ക് വരാൻ ഇടയാക്കിയത് എന്ന ആമുഖത്തിനുശേഷം, അദ്ദേഹം ഐ.പി.എച്ച് ഗ്രന്ഥങ്ങളുടെ കോപ്പികൾ വേണമെന്ന് ആവശ്യപ്പെട്ടു. മലയാള തർജമ മാത്രമേ ഉള്ളൂവെന്നറിയിച്ചപ്പോൾ ആൾ നിരാശനായി. സയ്യിദ് മൗദൂദിയുടെ എല്ലാ ഗ്രന്ഥങ്ങളുടെയും കോപ്പി വേണമെന്നാവശ്യവുമായാണ് പർദയണിഞ്ഞ സുഊദി വനിത പവിലിയനിലെത്തിയത്. അറബിയിൽ മൗദൂദി ഗ്രന്ഥങ്ങൾ കിട്ടുന്ന ചില സ്റ്റാളുകൾ അവർക്ക് കാണിച്ചുകൊടുത്തു.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള ധാരാളം പേരും സ്റ്റാളിൽ വന്നു. അവർ പ്രതീക്ഷിച്ചത് ഇംഗ്ലീഷിലും ഉർദുവിലുമുള്ള കൃതികൾ. പ്രത്യേകിച്ചും സയ്യിദ് മൗദൂദിയുടെ. അവരെയാരെയും സന്തോഷിപ്പിക്കാൻ മലയാള ഗ്രന്ഥങ്ങ

ൾക്ക് കഴിയില്ലല്ലോ. കമലാ സുറയ്യയുടെ തെരഞ്ഞെടുത്ത കവിതകളുടെ അറബി പരിഭാഷ(കെ. മൊയ്തു മൗലവിയുടെ മൊഴിമാറ്റം)യെ പരിചയപ്പെടുത്താൻ അവസരം ഉപയോഗപ്പെടുത്തി. ഏറെ വിസ്മയത്തോടെയാണ് കമലാ സുറയ്യയുടെ ജീവിതകഥ അവർ കേട്ടത്. അവർക്കൊക്കെ ആ കൃതിയുടെ കോപ്പികൾ വേണം. സ്റ്റാളിലാകട്ടെ ബാക്കിയായത് ഒരേയൊരു കോപ്പി. എത്രയും വേഗം കോപ്പി എത്തിച്ചുകൊടുക്കാൻ തങ്ങളുടെ വിലാസവും സെൽഫോൺ നമ്പറും തന്നു.

സുഊദി സാംസ്കാരിക, വാർത്താ വിനിമയ സഹമന്ത്രി ഡോ. അബ്ദുൽ അസീസ് അസ്സുബൈൽ രണ്ടാം ദിവസം ഐ.പി.എച്ച് പവിലിയൻ സന്ദർശിച്ചു. ശൈഖ് ഇബ്നു ബാസ്, ശൈഖ് അലി ത്വൻതാവി, സയ്യിദ് മൗദൂദി, മുറാദ് ഹോഫ്മൻ, ബെഗോവിച്ച് തുടങ്ങിയവരുടെ കൃതികൾ മലയാളികൾക്ക് പരിചയപ്പെടുത്തിയ ഐ.പി.എച്ചിനെ അദ്ദേഹം പ്രശംസിച്ചു. *മക്കയിലേക്കുള്ള പാത* എന്ന കൃതി കാൽനൂറ്റാണ്ട് മുമ്പുതന്നെ കൈരളിക്ക് സമ്മാനിച്ച വിവരമറിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: “ഇത്ര വലിയ സംഭാവനകൾ നൽകിയ ഐ.പി.എച്ചിന്റെ സേവനങ്ങൾ എന്റെ നാട്ടുകാർ അറിയേണ്ടതുണ്ട്. ഇവിടെയുള്ള എല്ലാ മാധ്യമ പ്രവർത്തകരെയും ഞാൻ തന്നെ വിവരമറിയിക്കാം.” അടുത്തു കണ്ട *അൽഹയാത്ത്* പത്രത്തിലെ റിപ്പോർട്ടറെ വിളിച്ചുവരുത്തി ഇക്കാര്യം നേരിൽ പറയുകയും ചെയ്തു.



*ഉദ്ഘാടന സെഷനിൽ സഊദി ഗവൺമെന്റ് ആദരിച്ച ശൈഖ് അബൂ അബ്ദുർറഹ്മാൻ ളാഹിരി ഐ.പി.എച്ച് പവിലിയൻ സന്ദർശിച്ചപ്പോൾ*

മതപണ്ഡിതന്മാർ, യൂനിവേഴ്സിറ്റി അധ്യാപകർ, ഗവേഷണ വിദ്യാർഥികൾ, ഉയർന്ന ഉദ്യോഗസ്ഥർ, വ്യാപാരി വ്യവസായികൾ തുടങ്ങി ജീവിതത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന അനേകം ആളുകളുമായി സൗഹൃദം സ്ഥാപിക്കാൻ മേള സന്ദർഭമൊരുക്കി.

മേളയുടെ അവസാനനാളിൽ രാത്രി പത്തു മണിയോടടുത്ത് ധൃതിയിൽ വന്ന സുഊദി പൗരൻ ചില പ്രത്യേക കൃതികൾ അന്വേഷിക്കുകയായിരുന്നു. സയ്യിദ് മൗദൂദിയുടെ മാസ്റ്റർ പീസായ *തഫ്ഹീമുൽ ഖുർആന്റെ* അന്നൂർ അധ്യായത്തിന്റെ അറബി പതിപ്പ് അദ്ദേഹത്തിന്റെ വശമുണ്ട്. ബാക്കിയുള്ള അധ്യായങ്ങൾ വേണം. മലയാളത്തിലുള്ള ആറ് വാള്യങ്ങളും അദ്ദേഹത്തിന് കാണിച്ചുകൊടുക്കാനേ കഴിഞ്ഞുള്ളൂ. അദ്ദേഹം വിലാസം തന്നു. സുഊദി അറേബ്യയിലെ പ്രമുഖനായ ജഡ്ജിയാണ് അദ്ദേഹം. പിറ്റേന്ന് അദ്ദേഹത്തിന്റെ അതിഥികളായി എത്തണമെന്നും ആവശ്യപ്പെട്ടു. ■